# മധുരമായ കുട്ടികളേ, ഏതെങ്കിലും വികർമ്മം ചെയ്ത് അത് മറച്ച് വെക്കരുത്, മറച്ച് വെച്ച് സഭയിലിരിക്കുന്നവർക്ക് വളരെയധികം ശിക്ഷ അനുഭവിക്കേണ്ടിവരും, അതുകൊണ്ട് ശ്രദ്ധിക്കണം, വികാരത്തിൻെറ കടുത്ത തെറ്റുകൾ ഒരിക്കലും ചെയ്യരുത്

**ചോദ്യം:**- ഏതു ലക്ഷ്യം മുന്നിൽ വെച്ചുകൊണ്ട് പുരുഷാർത്ഥത്തിൽ സദാ മുന്നേറിക്കൊണ്ടിരിക്കണം?
**ഉത്തരം:**- നമുക്ക് സത്പുത്രരായി മാതാ-പിതാവിൻെറ സിംഹാസനധാരിയായിതീരണം. ഇതാണ് ലക്ഷ്യം. ഓരൊ ചുവടിലും ഫോളോ ഫാദർ ആയിരിക്കണം. കുലകളങ്കിതമാകത്തക്ക ഒരു പെരുമാറ്റവും ഉണ്ടാകരുത്. ഇത്തരത്തിലുള്ള സത്പുത്രരായ കുട്ടികൾ സ്വയം തന്നെ ആത്മീയ യാത്രക്കാരനാണെന്ന് മനസ്സിലാക്കി യാത്രയിൽ തത്പരരായിരിക്കും. യാത്രക്കാരൻ യാത്രയിൽ പതിതനാകുന്നില്ല. അഥവാ ഏതെങ്കിലും വികാരത്തിന് വശപ്പെട്ടാൽ തകർന്നുപോകും സത്യനാശം സംഭവിക്കും. പിന്നീട് വളരെ ദു:ഖിതരായി തീരുന്നു.

**ഗീതം:**- ബാല്യകാലം മറന്നുപോകരുത്.....

**ഓം ശാന്തി**. കുട്ടികൾക്കുവേണ്ടിത്തന്നെയുള്ള ഗീതമാണിത്. നിങ്ങൾ മമ്മ, ബാബ എന്നെല്ലാം വിളിച്ച് വീണ്ടും വികാരത്തിൽ പോകുന്നു എങ്കിൽ മരിച്ചു എന്ന് മനസ്സിലാക്കണം. വളരെയധികം ശ്രദ്ധിച്ച് എത്തിച്ചേരേണ്ട ഒരു ലക്ഷ്യമാണിത്. ഞാൻ ആ പരമപിതാ പരമാത്മാവിൻെറ സന്താനമാകുന്നു, വിചിത്രമാകുന്നു. എനിക്ക് വാസ്തവത്തിൽ ചിത്രമില്ല. ഞാൻ ആ ബ്രഹ്മലോകനിവാസിയാകുന്നു. വീണ്ടും ചിത്രം അഥവാ ശരീരമെടുത്ത് 84 ജന്മം അനുഭവിച്ച് ഇപ്പോൾ ഞാൻ ഈശ്വരൻെറ മടിത്തട്ടിൽ സന്താനമായിതീർന്നിരിക്കുന്നു. ഈശ്വരൻെറ മടിത്തട്ടിലെ സന്താനമാണെന്ന് നിശ്ചയം ചെയ്ത് വീണ്ടും വികാരത്തിൽ വരുന്നു എങ്കിൽ മരിച്ചു എന്നു കരുതണം. ബാബ സുഖം തരുന്നവനാണെങ്കിലും, വീണ്ടും ധർമ്മരാജൻ വഴി കർമ്മകണക്ക് പൂർത്തീകരിക്കുന്നവനാകുന്നു- ഇതും മനസ്സിലാക്കുന്നുവല്ലോ. ബാബ ആർക്കും ദു:ഖം കൊടുക്കുന്നില്ല. ബാബ സുഖദാതാവാണ് എങ്കിലും മനസ്സിലാക്കിത്തന്നിട്ടുണ്ടല്ലോ- ഗവണ്മെൻറിനോടൊപ്പം ധർമ്മരാജൻ അഥവാ ചീഫ് ജസ്ററീസുമുണ്ട്. ഓരോരുത്തരേകൊണ്ടും പ്രതിജ്ഞ ചെയ്യിക്കുന്നുവല്ലോ. നിങ്ങൾ വികാരങ്ങളിൽ വീണ് പതിതമായി അത് ബാബയിൽനിന്ന് മറച്ചുവെക്കുന്നുവെങ്കിൽ 100 ഇരട്ടി ശിക്ഷ അനുഭവിക്കേണ്ടിവരും, എന്ന് ഭഗവാൻ തന്നെ പറയുന്നു. ബാബയുടേതായിതീർന്നിട്ട് പതിതമായ കാര്യങ്ങൾ മറച്ചുവെച്ച് നരകത്തിൻെറ വാതിൽ തീർക്കുകയും ബാബയോട് പറയാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ നിങ്ങൾ മരിച്ചിരിക്കുന്നു. പിന്നെ എത്രയധികം പുരുഷാർത്ഥം ചെയ്താലും വിജയിയാകുവാൻ കഴിയുകയില്ല. വളരെയധികം കുട്ടികൾ ബാബയിൽ നിന്നും ഒളിച്ചുവെക്കുന്നുണ്ട്. വികാരത്തിൽ പോകുക എന്നത് വലിയ പാപമാണ്. ബാബയിൽനിന്നും ഒളിച്ചുവെച്ചു അർത്ഥം മരിച്ചു. അങ്ങിനേയാണെങ്കിൽ ബാബയുടെ കുട്ടിയാകാതിരിക്കുന്നതാണ് നല്ലത്. ചീത്ത കുട്ടിയാണെങ്കിൽ അവൻ മരിക്കുന്നതാണ് ഭേദം എന്ന് അച്ഛൻ പറയാറില്ലേ. ബാബക്ക് ഒന്നും അറിഞ്ഞുകൂടാ എന്ന് ആരും വിചാരിക്കരുത്. ഈ ബ്രഹ്മാവ് ബാഹിർയാമിയാകുന്നു, അദ്ദേഹത്തിന് ഒന്നും അറിഞ്ഞുകൂടാ. എന്നാൽ ശിവബാബ നല്ലവണ്ണം അറിയുന്നുണ്ട്. ബാബ പറയുന്നു-എനിക്ക് ഏവർക്കും സുഖം കൊടുക്കേണ്ടതുണ്ട്. ശിക്ഷ ഓരോരുത്തരുടേയും പെരുമാററമനുസരിച്ചാണ് ലഭിക്കുന്നത്. ബാബ എല്ലാവരോടും പറയുന്നു. ഇതിൽ തന്നെ സ്ത്രീകൾ വളരെ ശ്രദ്ധിക്കണം. ഒരിക്കലും നുണ പറയരുത്. ബാബക്ക് പുരുഷന്മാരേക്കാൾ സ്ത്രീകളോട് ദയയുണ്ട് കാരണം മാതാക്കൾ വളരെയധികം ദ്രോഹിക്കപ്പെടുന്നു. ബാബ വന്നിട്ട് മാതാക്കളിലാണ് കലശം വെച്ച് കൊടുക്കുന്നത്. അതുകൊണ്ട് മാതാക്കളിലാണ് വളരെ ഉത്തരവാദിത്വമുള്ളത്. കാമവികാരത്തെകുറിച്ച് പറയുന്ന അത്രയും ബാബ ക്രോധത്തെകുറിച്ച് പറയുന്നില്ല. വാസ്തവത്തിൽ പതിതരായ ഒരാൾക്കും ഈ സഭയിൽ ഇരിക്കുവാൻ അനുവാദമില്ല. വലിയ വലിയ ആളുകളാണ് കൂടുതൽ അധപതിച്ചിരിക്കുന്നത്, കാരണം അവരുടെ പക്കൽ ധാരാളം പൈസ ഉണ്ട്. അതുകൊണ്ടാണ് നഗ്നമാക്കുന്നതിൽ നിന്നും രക്ഷിക്കൂ എന്ന് മാതാക്കൾ വിളിച്ചത്. ഏവരും ദു:ഖിതരാണ്. മാതാക്കളുടെ വിളി കേട്ടിട്ടാണ് ബാബ വന്നത്. മാതാക്കൾ വളരെ സൂക്ഷിച്ചിരിക്കണം. പുഷ്യരാഗപരി, നീലാംബരി എന്നീ പേരുകൾ മാതാക്കൾക്കാണുള്ളത്.

ബാബ മുന്നറിയിപ്പ് തരുന്നു-ഇവിടം അസുരനിൽനിന്നും ദേവതയാക്കിതീർക്കുന്ന സ്ഥലമാണ്. അസുരനെ

പതിതൻ എന്നു വിളിക്കുന്നു. ഇത് മുഴുവനും പതിതമായ ആസുരീയ ലോകമാണ്. അധപപതിച്ച ലോകത്തിൽ പവിത്രമായി ആരും തന്നേയില്ല. സന്യാസിമാർ ദേവതകളേപോലെ പവിത്രമല്ല എന്ന് മനസ്സിലാക്കിതന്നിട്ടുണ്ട്. അവർ വസിക്കുന്നത് അധപതിച്ച ലോകത്തിലാണ്. അവർ നിവൃത്തിമാർഗ്ഗത്തിലുളളവരാണ്. സത്യയുഗത്തിൽ ഏവരും പവിത്രരും സമ്പൂർണ്ണനിർവ്വികാരികളുമാകുന്നു.സമ്പൂർണ്ണ പവിത്രരായിതീരുന്നതിനുവേണ്ടിയാണ് നിങ്ങളിവിടെ വരുന്നത്. ഇത് സമ്പൂർണ്ണ പതിതലോകമാകുന്നു. ഒരാൾ പോലും ഇവിടെ പവിത്രമായിട്ടില്ല. 2 കല കുറവാണെന്നാണ് ത്രേതായുഗത്തേക്കുറിച്ച് പറയുന്നത്. സത്യയുഗത്തിൽ 16 കല, ത്രേതായുഗത്തിൽ 2 കല കുറവായിതീരുന്നു. വാസ്തവത്തിൽ ത്രേതായുഗത്തെ സ്വർഗ്ഗം എന്ന് വിളിക്കില്ല. സത്യയുഗം തന്നെയാണ് സ്വർഗ്ഗം. സത്യയുഗത്തിലേക്ക് പോകുന്നതിന് നിങ്ങൾ കുട്ടികൾ തയ്യാറാകണം. വികാരത്തിൽ വീണാൽ സ്വർഗ്ഗത്തിൽ പോകുവാൻ കഴിയുകയില്ല. പതിതരായിതീരരുത് എന്നതാണ് മൂലമായ കാര്യം. ശിവബാബക്കറിയാം എങ്കിലും ഓരോരുത്തരോടും ചോദിച്ചുകൊണ്ടിരിക്കുന്നു, അപവിത്രരായിതീർന്ന് വീണ്ടും അത് ബാബയിൽനിന്നും ഒളിച്ചുവെച്ചാൽ കടുത്ത ശിക്ഷ അനുഭവിക്കേണ്ടിവരും. ട്രിബ്യൂണലും അവിടെ കൂടും. കൂടെ ബാബയും അവിടെ ഇരിപ്പുണ്ടാകും, ധർമ്മരാജനും ഇരിപ്പുണ്ടാകും. നിങ്ങൾ ഇന്ന സമയത്ത് വികാരത്തിൽ പോയി സഭയിൽ വന്നിരുന്നു, നിങ്ങൾ പറഞ്ഞതുമില്ല, അതുകൊണ്ടിപ്പോൾ ശിക്ഷ അനുഭവിക്കൂ എന്ന് ധർമ്മരാജൻ പറയും. അതുകൊണ്ട് ബാബ പറയുന്നു-കുട്ടികളെ വളരെ ശ്രദ്ധയോടുകൂടിയിരിക്കണം. എപ്പോഴെങ്കിലും വികാരത്തിൽ പോയവർക്ക് പിന്നെ ഇവിടെ ഇരിക്കുവാൻ കഴിയുകയില്ല. പല സെൻററുകളിലും അങ്ങിനെ വന്നിരിക്കുന്നുണ്ട്. പറയാതെ സെൻററുകളിൽ വന്നിരിക്കുന്നുവെങ്കിൽ ഏതെങ്കിലും സമയത്ത് അവർ അസുരന്മാരായി വിഘ്നം ഉണ്ടാക്കും എന്ന് ബാബക്കറിയാം, കുലദ്രോഹിയായിതീരും. പ്രശ്ന ങ്ങളുണ്ടാക്കും. പതിത ലോകമെന്നും, മുൾക്കാടിൻെറ ലോകമെന്നും ബാബ പറയുന്നത് ഇക്കൂട്ടരേയാണ്. ഇവിടെ രാജാവൊ റാണിയോ ഇല്ല. പ്രധാനമന്ത്രി എങ്ങിനെയോ, അതുപോലെതന്നെ പ്രജകളും. അവർ ഇക്കാര്യങ്ങളെകുറിച്ച് മനസ്സിലാക്കുകയേ ഇല്ല. സത്യമായ ബാബയോട് സത്യമായിരിക്കണം. സത്യമായ മനസ്സിൽ സാഹേബ് സംപ്രീതനാണ്. ബുദ്ധിയുടെ പൂട്ട് അതോടെ തുറക്കും. സത്യമായ മനസ്സല്ല എങ്കിൽ പൂട്ട് തുറക്കില്ല. പിന്നെ ഉദാസീനമായിരിക്കും. വിഘ്നങ്ങൾ വന്നുകൊണ്ടേയിരിക്കും. അതുകൊണ്ടാണ് ബാബ മനസ്സിലാക്കിതരുന്നത്. ഇന്ദ്രപ്രസ്ഥത്തിൽ അസുരൻ വന്ന് ഒളിച്ചിരുന്നു എന്ന് ശാസ്ത്രങ്ങളിലും എഴുതിവെച്ചിരിക്കുന്നു. ഇവിടെയും സെൻററുകളിലും അപ്രകാരം വന്ന് ഇരിക്കുന്നു. എന്താണ് നോക്കുക, കന്യകമാരെ നോക്കും ചഞ്ചലപ്പെടുത്തും.

ഇപ്പോൾ പരിധിയില്ലാത്ത അച്ഛൻ വന്ന് കുട്ടികൾക്ക് മനസ്സിലാക്കിതരികയാണ്. ലോകം ഇതറിയുന്നില്ല. ഗീതയിൽ ബാബയുടെ പേരിനു പകരം കൃഷ്ണൻെറ പേര് വെച്ചിരിക്കുന്നു. ഭഗവാൻ സ്വയം ജ്ഞാനസാഗരനാകുന്നു. ബാബയിരുന്ന് മനസ്സിലാക്കിതരികയാണ്. ഇപ്പോൾ നമുക്ക് തിരിച്ചുപോകണം അതിനുവേണ്ടി ആ ബാബയെ തന്നെ ഓർക്കണം. നിങ്ങളിപ്പോൾ ഓർമ്മയുടെ യാത്രയിലിരിക്കുന്നുവല്ലോ. തീർത്ഥയാത്ര ചെയ്യുമ്പോൾ ഒരിക്കലും വികാരത്തിൽ പോകുന്നില്ല. ഇത് നീണ്ട ഒരു യാത്രയാണ്. ജീവിക്കുന്നിടത്തോളം ഈ യാത്ര ചെയ്യണം. യാത്ര ചെയ്ത് ചെയ്ത് വികാരത്തിൽ വീഴുന്നു എങ്കിൽ തകർന്നുപോകും. നാം യാത്രയിലാണ് ഒരിക്കലും വികാരത്തിൽ പോകരുത് എന്ന കാര്യം ഓർമ്മയിൽ വെക്കണം. ഇന്ന് ലോകം വളരെ ചീത്തയായിരിക്കുന്നു. തീർത്ഥസ്ഥാനങ്ങളിലെ വഴികാട്ടികളും വളരെ ചീത്തയായിരിക്കുന്നു. ബാബ വളരെയധികം അനുഭവിയാണ്. ബാബ വന്നിട്ട് ഏറ്റവും കൂടുതൽ കന്യകമാരേയും മാതാക്കളേയുമാണ് ഉയർത്തുന്നത്. ജഗദംബ ശക്തിസേന എന്നു പാടപ്പെടുന്നുവല്ലോ. ബാബ പറയുന്നു, ഇത് ഓർമ്മയിൽ വെക്കണം നാം ഏതൊരു കർമ്മം ചെയ്യുന്നുവൊ അതു കണ്ടുകൊണ്ട് മററുളളവരും ചെയ്യും . ബി.കെ.കളിൽ തന്നെ വികാരം അഥവാ ദേഹാഭിമാനം, മോഹം എന്നിവ ഉണ്ടെങ്കിൽ സേവനം ചെയ്യുവാൻ കഴിയുകയില്ല. അവർ തോൽക്കുന്നവരായിതീരും, ജിജ്ഞാസുക്കൾ ക്രുദ്ധരാകും. ബ്രഹ്മാകുമാരി നല്ലതാണെങ്കിൽ കടയും നന്നായി നടത്തിക്കും. നന്നായി സേവനം ചെയ്യുന്നവർ മഹാരാജാവും, മഹാറാണിയുമായിതീരും. സേവനം ചെയ്യാത്തവർ മഹാരാജാവിൻേറയും, മഹാറാണിയുടേയും ദാസനും ദാസിയും ആയിതീരും. ലക്ഷ്മീനാരായണൻെറ അടുത്ത് ദാസന്മാരും, ദാസിമാരും ഉണ്ടായിരിക്കുമല്ലോ? അവർ രാജാവിൻേറയും റാണിയുടേയും കൂടെ തന്നെ വസിക്കുന്നു. ഇവിടെ നിങ്ങൾ മനുഷ്യരിൽനിന്നും ദേവതകളായികൊണ്ടിരിക്കുന്നുവല്ലോ. നിങ്ങൾ യാത്രയിലാകുന്നു. യാത്രയാണെന്ന കാര്യം മറന്നാൽ, ശിവബാബയേയും മധുരമായ ആ വീടിനേയും മറന്നാൽ മായയിൽനിന്ന് മുഷ്ടികൊണ്ട് വളരെയധികം പ്രഹരം കിട്ടും. നിങ്ങൾക്ക് വളരെയധികം പുരുഷാർത്ഥം ചെയ്യേണ്ടതുണ്ട്. വികാരത്തിൽനിന്നും സുരക്ഷിതരായി ഇരിക്കണം. ഒരു കാര്യവും ഇവിടെ ഒളിച്ചുവെക്കുവാൻ കഴിയുകയില്ല. ശിവബാബയിൽനിന്നും ഒന്നും ഒളിക്കുവാൻ കഴിയുകയില്ല. കാരണം ബാബക്ക് അതിനുളള ശിക്ഷ തരണമല്ലോ.

അച്ഛനേയും അമ്മയേയും അനുകരിക്കൂ.... എന്നു പറയാറുണ്ട്. അച്ഛൻ ഒരിക്കലും അങ്ങിനെ ചെയ്യില്ല. വളരെയധികം പേർ ബാബയുടെ അടുത്ത് വരാറുണ്ട്, അവരുമായുള്ള സംഭാഷണത്തിലൂടെത്തന്നെ അവർ പതിതരാണെന്ന് ബാബക്ക് അറിയുവാൻ കഴിയുന്നുണ്ട്. അവർക്ക് പവിത്രമായിരിക്കുവാൻ പ്രയാസമാണ്. സംശയം തോന്നുന്നു അതുകൊണ്ട് മുരളി വഴി മനസ്സിലാക്കിതരുന്നു. വളരെ പേർ അത് ഒളിച്ചുവെക്കുന്നുണ്ട്. തീർത്ഥയാത്രയിൽ വികാരത്തിൽ പോകുക എന്നത് ചീത്തയായ കാര്യമാണ്. അങ്ങിനെയുള്ളവരെ വിജയമാലയിൽ കോർക്കുവാൻ പ്രയാസമാണ്. സൂര്യവംശിയായിതീരുന്നതിന് ആഗ്രഹിക്കുന്നു എങ്കിൽ യാത്രയിൽ ഒരിക്കലും അപവിത്രരായിതീരരുത്. ഞാൻ യാത്രയിലാണ് ഇത് കുട്ടികൾ മറന്നുപോകുന്നു. ചിലർ ഒരു ദിവസത്തിൽ ഒരു മണിക്കൂറൊ അര മണിക്കൂറൊ പോലും ഓർക്കുന്നില്ല. അവർക്ക് ബാബയുടെ ഓർമ്മയിലിരിക്കുക എന്നത് വളരെ ബുദ്ധിമുട്ടായിതോന്നുന്നു. അവർ ഉയർന്ന കുടുംബങ്ങളിൽ വന്ന് ജനിച്ച് ദാസദാസിമാരായിതീരുന്നു. പുരുഷാർത്ഥം ചെയ്ത് മാതാ-പിതാവിന്റെ സിംഹാസനത്തിന് അധികാരിയാകൂ. അല്ലെങ്കിൽ ബാബ പറയും കുപുത്രനാണ്, നേരായ രീതിയിൽ നടക്കുന്നില്ല. നിങ്ങൾ ബ്രാഹ്മണർ യാത്രയിലാകുന്നു, അഥവാ അങ്ങിനെയെന്തെങ്കിലും മോശമായി നടന്ന് കുലകളംകിതമാക്കിയാൽ ശിക്ഷ അനുഭവിക്കേണ്ടിവരും. ജന്മജന്മാന്തരമായി ഗർഭ ജയിൽപുള്ളികളായി മാറേണ്ടിവരും. ഈ സമയത്ത് എല്ലാ മനുഷ്യരും ജയിൽപുള്ളികളാണ്. ഇടക്കിടെ അവർ ശിക്ഷ അനുഭവിക്കുന്നു. നിങ്ങൾക്ക് ഗർഭകൊട്ടാരത്തിൽ പോകേണ്ടതുണ്ട്. അതുകൊണ്ട് എത്രയോ പരിശ്രമിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ എവിടേയിരുന്നാലും ഞങ്ങൾ യാത്രയിലാണ് എന്ന ഓർമ്മയിലിരിക്കണം. ഞാൻ നാരായണനെ അഥവാ ലക്ഷ്മിയെ വരിക്കും എന്ന് ഏവരും പറയുന്നു. അപ്രകാരം ആയിതീർന്ന് കാണിക്കൂ. പദവി ലഭിച്ചില്ലെങ്കിൽ പിന്നെ എന്തു ചെയ്യാനാണ്. ബാബ മുന്നറിയിപ്പ് തരികയാണ്. ബാബയുടെ അടുത്ത് വരുന്നു എങ്കിൽ ബാബ നല്ല രീതിയിൽ ചിരിച്ചുല്ലസിപ്പിക്കുന്നു. ചിലർക്ക് മോഹത്തിന്റെ കീടബാധ അത്രയും ഉണ്ട്, കുരങ്ങനേയും കുരങ്ങത്തിയേയും പോലെ. മിത്ര സംബന്ധികളിൽനിന്നും ബുദ്ധിയോഗം വിടുവാൻ കഴിയുന്നില്ല. അപവിത്രരായിതീർന്നവർ ഞങ്ങൾ പരാജയപ്പെട്ടു എന്നും കാമത്തിൻെറ ഗട്ടറിൽ വീണു എന്നും ബാബക്കെഴുതുന്നു. തകർന്നുപോകുന്നു. നിങ്ങൾ യാത്രയിലാണ് എന്ന് ബാബ മുന്നറിയിപ്പ് തരികയാണ്. ഇവിടെ കാമവികാരം വരുവാൻ പാടില്ല. വന്നാൽ വളരെ ദു:ഖിക്കേണ്ടിവരും. ബാബയിൽനിന്നും വൈകുണ്ഠത്തിൻെറ സമ്പത്തെടുക്കണം. അതിനെ മറന്ന് സ്വയം തന്നെ നശിപ്പിക്കരുത്. കാമം മഹാശത്രുവാകുന്നു. അത് ആദിമദ്ധ്യ അന്ത്യം ദുഖം തരുന്നു. ഈ മൃത്യുലോകത്തിൽ ഏവരും ആദി മദ്ധ്യ അന്ത്യം ദുഖം അനുഭവിച്ചുകൊണ്ടിരിക്കുന്നു. സത്യയുഗത്തെ അമരലോകം എന്നു വിളിക്കുന്നു. അമരനാഥനായ ശിവബാബയിൽനിന്നും കഥ കേൾക്കുക വഴി ചക്രവർത്തി പദവി ലഭിക്കുന്നു. വൃദ്ധകളും, കന്യകകളും വികാരത്തിൽനിന്നും സുരക്ഷിതരായി ഇരിക്കുന്നു. വിധവകളും വളരെ ഭാഗ്യശാലികളായിരിക്കുന്നു. പതിമാരുടേയും പതി ശിവബാബയാകുന്നു. ഈശ്വരീയപാഠശാല യിൽനിന്ന് മുരളി കേൾക്കുമ്പോൾ പുതിയ പുതിയ കാര്യങ്ങൾ കേൾക്കാം. പരിധിയില്ലാത്ത അച്ഛൻ നിങ്ങളെ പവിത്രലോകത്തിൻെറ അധികാരിയാക്കിതീർക്കുന്നു. അതുകൊണ്ട് പെട്ടന്നു പവിത്രമായിതീരണമല്ലോ. കോട്ടുവായിട്ടുകൊണ്ടിരിക്കുന്നു, വിഷം കുടിച്ചുകൊണ്ടിരിക്കുന്നു എങ്കിൽ ധാരണ ചെയ്യുവാൻ കഴിയുകയില്ല. അതിന് സ്വർണ്ണത്തിൻെറ പാത്രം വേണം. ബാബക്കുപോലും നിരഹംകാരിയായി പതിതലോകത്തിൽ വരേണ്ടിയിരിക്കുന്നു. കുട്ടികൾ മാത്രമേ എന്നെ അറിയുന്നുള്ളൂ. അതിൽതന്നെ ചിലരെ മായ മൂക്ക് പിടിച്ച് വീഴ്ത്തുന്നു. അവർ ആദരവ് കൊടുക്കുന്നില്ല. ആഹാ, ഭഗവാൻ നമ്മളെ പഠിപ്പിക്കുന്നു! നാം എത്ര സൗഭാഗ്യശാലികളാണ്! ബാബ എത്ര സാധാരണമായ ശരീരത്തിലാണ് വരുന്നത്! നിങ്ങൾ കുട്ടികളും നിരഹങ്കാരികളായിതീരണം. ബാബ നിരാകാരി ആകുന്നു, ദേഹത്തിൻെറ അഹങ്കാരം ബാബക്ക് ഉണ്ടാകില്ല. നിങ്ങളും നിരഹങ്കാരിയായിതീരണം, നിങ്ങൾ മരിച്ചാൽ ലോകവും മരിക്കുന്നു. നമുക്ക് ബാബയുടെ അടുത്ത് പോകേണ്ടതുണ്ട്. ഈ ശ്മശാനഭൂമിയിൽ എന്തോർമ്മിക്കാനാണ്. ഇത്തരത്തിൽ തന്നോട് തന്നെ സംസാരിക്കുമെങ്കിൽ സന്തോഷം വർദ്ധിക്കും. സദാ പ്രസന്നരായിരിക്കാം.

നാം ബാബയോടൊപ്പം യാത്രയിലാണ്. ബാബ കൊണ്ടുപോകുന്നതിന് വന്നിരിക്കയാണ്. മായ ചെവി മുറിച്ച രീതിയിൽ ഇരിക്കരുത്. പിന്നെ കേട്ടാലും ധാരണ ചെയ്യുവാൻ കഴിയുകയില്ല. സന്തോഷം വർദ്ധിക്കില്ല. വളരെ പേർക്ക് ദാനം കൊടുക്കുന്നു എങ്കിൽ വളരെ പേരുടെ ആശീർവാദം ലഭിക്കും. ജ്ഞാനമാർഗ്ഗത്തിൽ എല്ലാവരോടും മധുരമായിരിക്കണം, ഉപ്പുവെള്ളമാകരുത്. വികാരി സംബന്ധത്തോടും ദൈവീക സംബന്ധത്തോടും കടമ നിർവ്വഹിക്കണം. രണ്ട് കൂട്ടരോടും സ്നേഹത്തിലിരിക്കണം. ബാബക്കും തൻെറ സത്പുത്രരായ കുട്ടികളെ കണ്ടിട്ട് സന്തോഷം തോന്നുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) നാം ഇപ്പോൾ യാത്രയിലാണ്. അതുകൊണ്ട് വളരെ സൂക്ഷിച്ച് നടക്കണം. പവിത്രരായിരിക്കണം.

2) ബാബക്കു സമാനം നിരഹങ്കാരിയായിതീരണം. നമുക്ക് ബാബയുടെ അടുത്തേക്ക് പോകണം. അതുകൊണ്ട് എല്ലാത്തിൽ നിന്നും മമത്വം വിടണം. സ്വയം തന്നോട് തന്നെ സംസാരിച്ച് പ്രസന്നരായിരിക്കണം.

## വരദാനം:- “ചെയ്യുന്നവൻ ചെയ്യിച്ചുകൊണ്ടിരിക്കുന്നു”, ഈ സ്മൃതിയിലൂടെ നിമിത്ത മായി ഓരോ കർമ്മവും ചെയ്യുന്ന നിശ്ചിന്ത ചക്രവർത്തിയായി ഭവിക്കൂ

നടത്തിക്കുന്നവൻ നടത്തിച്ചുകൊണ്ടിരിക്കുകയാണ്, ചെയ്യിക്കുന്നവൻ ചെയ്യിച്ചുകൊണ്ടിരികക്കുകയാണ് - ഈ സ്മൃതിയിലൂടെ നിമിത്തമായി ഓരോ കർമ്മവും ചെയ്തുകൊണ്ടേ പോകൂ എങ്കിൽ നിശ്ചിന്ത ചക്രവർത്തിയായിരിക്കും. “ഞാൻ ചെയ്തുകൊണ്ടിക്കുകയാണ് ” - ഈ ചിന്ത വന്നാൽ നിശ്ചിന്തമായി കഴിയാൻ സാധിക്കില്ല. എന്നാൽ ബാബയിലൂടെ നിമിത്തമായിരിക്കുന്നു - ഈ സ്മൃതി ചിന്തയില്ലാത്ത അഥവാ നിശ്ചിന്ത ജീവിതത്തിന്റെ അനുഭവം ചെയ്യിക്കുന്നു, നാളെ എന്താകും, അതിന്റെ ചിന്തയുമില്ല. അവർക്ക് ഈ നിശ്ചയം ഉണ്ടായിരിക്കും എന്താണോ നടന്നുകൊണ്ടിരിക്കുന്നത് അത് നല്ലതാണ്, എന്താണോ നടക്കുവാനുള്ളത് അത് ഇതിലും വളരെ നല്ലതാണ്, എന്തുകൊണ്ടെന്നൽ ചെയ്യിക്കുന്നവൻ ഏറ്റവും നല്ലതാണ്.

**സ്ലോഗൻ:- തന്റെ ശാന്തിയുടെയും സുഖത്തിന്റെയും തരംഗങ്ങളിലൂടെ ഓരോരുത്തരെയും സുഖ ശാന്തിയുടെ അനുഭൂതി ചെയ്യിക്കൂ അപ്പോൾ പറയും സത്യമായ സേവാധാരി.**